സ്കൈപ്പൻറ് ലഭിക്കുന്നില്ലായെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത് ഉടനെ വിതരണം ചെയ്യാനാവശ്യമായ നിർദ്ദേശം നൽകുമോ;

(സി) ഇപ്രകാരം സ്കൈപ്പൻറു വിതരണത്തിന് വീഴ്ച വരുത്തിയതിൻെറ ഉത്തരവാദികൾ ആരെല്ലാമാണ്;

(ഡി) മേലിൽ ഈ സാഹചര്യം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ഗവൺമെൻറ് പോളിടെക്നിക്കിൽ പഠിക്കുന്ന ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിയുടെ സ്കൈപ്പൻറു വിതരണത്തിൽ കുറച്ചു താമസം നേരിട്ടിട്ടുണ്ട്.

(ബി) ഇത് 5-6-1986-ൽ നൽകിക്കഴിഞ്ഞു.

(സി) ഇതിന് പ്രത്യേകമായി ആരും ഉത്തരവാദികളല്ല, ഫണ്ട് തീർന്നതിനാലാണ് സമയത്തുകൊടുക്കാൻ സാധിക്കാതെപോയത്.

(ഡി) സ്വീകരിക്കുന്നതാണ്.

കേരളത്തിലെ പോലീസ് സേന

335 [367] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. എം. അബൂബക്കർ:
,, കെ. പി എ. മജീദ്:
,, പി. സീതി ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സേനയുടെ അംഗസംഖ്യ എത്ര;
(ബി) ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 33157.
(ബി) ഈ വിവരം ലഭ്യമല്ല.

സ്ത്രീകളുടേയും പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടേയും നേരെയുണ്ടായിട്ടുള്ള ആക്രമണങ്ങൾ

336 [368] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ടി. കുമാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, എം. കെ. കേശവൻ:
,, പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണോ; ആണെങ്കിൽ അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ത്രീകളുടേയും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ദുർബ്ബല വിഭാഗങ്ങളുടേയും നേരെയുണ്ടായിട്ടുള്ള പീഡനങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞവർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര പ്രതികളെ അറസ്റ്റുചെയ്തു;

(ഡി) എത്ര കേസുകളിൽ ശിക്ഷിച്ചു;

(ഇ) ഇനി എത്ര പ്രതികളെ പിടികിട്ടാനുണ്ട്?

ഉത്തരം

(എ) കുറ്റകൃത്യങ്ങൾ നേരിയതോതിൽ വർദ്ധിച്ചതായി കാണുന്നു. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 3588
(സി) 5295
(ഡി) 87
(ഇ) 374.

ലോക്കപ്പു കൊലപാതകങ്ങൾ

337 [369] ശ്രീ. കെ. പി. പ്രഭാകരൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. കെ. ടി. കുമാരൻ:
,, എം. കെ. കേശവൻ:
,, കെ. ഇ. ഇസ്മയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി ഏതെല്ലാം ലോക്കപ്പ് കൊലപാതകങ്ങൾ നടന്നിട്ടുണ്ട";

(ബി) അവയിൽ എല്ലാംകൂടി എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; അവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) അവയെക്കുറിച്ച് അന്വേഷിക്കുവാൻ എത്ര കമ്മീഷനുകളെ നിയമിച്ചു;

(ഡി) അവയിൽ ഏതെല്ലാം കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്;

(ഇ) ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 9 ലോക്കപ്പുമരണങ്ങൾ നടന്നിട്ടുണ്ട്". അവയിൽ മൂന്നെണ്ണം കൊലപാതകങ്ങളാണെന്ന് തെളിഞ്ഞിട്ടുണ്ട്. അവ പേരൂർക്കട, വെള്ളറട, കോന്നി എന്നീ പോലീസ് സ്റ്റേഷനുകളിൽ നടന്നിട്ടുള്ളവയാണ്.

(ബി) മൂന്നുപേർ. പേരൂർക്കട ലോക്കപ്പിൽ വച്ച് മരിച്ചത് സുതൻ എന്നയാളും, വെള്ളറടയിലേത് തങ്കയ്യൻ എന്നയാളും, കോന്നിയിലേത് ജോസ് സെബാസ്റ്റ്യൻ എന്നയാളുമാണ്.

(സി) ഒന്ന്.

LIBRARY ARCHIVES Kerala Legislative Assembly